**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 793** **29-08-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസികളുടെ ഭൂപ്രശ്ന പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു<br>ശ്രീ. പി.വി.അൻവർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസികളുടെ ഭൂപ്രശ്ന പരിഹാരത്തിന്റെ ഭാഗമായി മുഴുവൻ ഭൂരഹിത ആദിവാസികൾക്കും ഭൂമി വിതരണം ചെയ്യുന്നതിനായി പ്രത്യേകമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ലാന്റ് ബാങ്ക് പദ്ധതി അനുസരിച്ച് ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്തു വരുന്നു. കൂടാതെ വനാവകാശ നിയമ പ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖയും നൽകുന്നു.<br><br>ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് എന്ന പദ്ധതി പ്രകാരം നാളിതുവരെയായി 263 പേർക്ക് 43.81 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഭൂരഹിതരായവർക്ക് വിതരണം ചെയ്യുന്നതിനായി പത്തനംതിട്ട, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിലായി 21.2 ഏക്കർ ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ആദിവാസി മേഖലകളിൽ പാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മില്ലറ്റ് വില്ലേജ് പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി "മില്ലെറ്റ് വില്ലേജ്" എന്ന പദ്ധതി കൃഷി വകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്നു. |
| (സി) | ഹരിതരശ്മി-നിറവല്ലം പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് പാരമ്പര്യകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി ആദിവാസി കർഷകർക്ക് നൽകി വരുന്നത്; വിശദാംശം നൽകാമോ? | (സി) | പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യകൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് "ഹരിത രശ്മി". പ്രസ്തുത പദ്ധതിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച പദ്ധതിയാണ് "നിറവല്ലം" പദ്ധതി. ടി പദ്ധതി പ്രകാരം കർഷകർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 1. വിത്ത്, വളം, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നു.<br>2. പരിശീലന പരിപാടികൾ (നടീൽ പരിശീലനം, വിള പരിപാലനത്തിനുള്ള പരിശീലനം, ലീഡർഷിപ്പ് പരിശീലനം)<br>3. കാർഷിക ഉൽപ്പന്നങ്ങൾക്ക് മതിയായ വിപണി ഉറപ്പിക്കുന്നതിന് സൗകര്യം ഒരുക്കൽ<br>4. കാർഷിക ഉപകരണങ്ങളുടെ വിതരണം<br>5. സോളാർ ഫെൻസിംഗ്<br>6. പച്ചക്കറിത്തൈകൾ വിതരണം<br>7. ഔഷധ സസ്യ വിതരണം<br>8. മണ്ണ് പരിശോധന നടത്തി അനുയോജ്യമായ വിളകൾ തെരഞ്ഞെടുക്കൽ. |

സെക്ഷൻ ഓഫീസർ